7681
31/10/13

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കർഷക ക്ഷേമം – 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കർഷകർക്ക് – ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അനുവാദം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി (ആസൂത്രണം - ബി) വകുപ്പ്**

സ.ഉ.(എം.എസ്) 316 /2013/കൃഷി തീയതി, തിരുവനന്തപുരം, 29.10.2013

==========================================================

പരാമർശം:- (1) 16.08.2011-ലെ സ.ഉ(എം.എസ്) 197/2011/കൃഷി.
(2) 13.02.2012-ലെ സ.ഉ(എം.എസ്) 26/2012/കൃഷി.
(3) കൃഷി ഡയറക്ടറുടെ 16.11.2012-ലെ റ്റി.എസ്.(1)10032/2012 നമ്പർ കത്ത്.
(4) 12.07.2013-ലെ സ.ഉ(അച്ചടി) നമ്പർ 339/2013/ധന.

**ഉത്തരവ്**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

1. ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.
2. 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്.
3. തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും.

എന്നീ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് പരിഷ്ക്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനു ശേഷം പരാമർശം (4) പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ 01.04.2013 മുതൽ മുൻകാല പ്രാബല്യത്തോടെ 500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2012 ജൂൺ മാസം 15-ാം തീയതി വരെയാണ് പദ്ധതിയിൽ അംഗമാകുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ തീയതിക്ക് ശേഷം 60 വയസ്സ് തികയുന്ന അർഹരായ കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ അപേക്ഷ നൽകി പദ്ധതിയിൽ അംഗമാകുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അർഹരായ ചെറുകിട നാമമാത്ര കർഷകർ 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ അപേക്ഷ നൽകി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

13.12.2012 ലെ സ.ഉ(എം.എസ്)26/12/കൃഷി നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പുതുതായി ചേർന്ന അംഗങ്ങൾക്കു കൂടി 500 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. അധിക ചെലവ് നടപ്പ് സമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 103.20 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണ്. ഭാവിയിൽ ആവശ്യമുള്ള തുകയ്ക്ക് നിർദ്ദേശം സമർപ്പിക്കുവാൻ ആവശ്യമായ നടപടി കൃഷി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
ധനകാര്യ വകുപ്പ് (യു.ഒ.നമ്പർ-72355/അഗ്രി.വിങ്.ബി 1/13/ധന തീയതി 12.09.2013.
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കൃഷി (കൃഷി) വകുപ്പ്
(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം

Snehamp

സെക്ഷൻ ഓഫീസർ